**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 35** **16-09-2025 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അടിസ്ഥാന ജനവിഭാഗങ്ങൾക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനായി കേരള സർക്കാർ നടപ്പിലാക്കി വരുന്ന കെ. ഫോൺ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പട്ടിക അടിസ്ഥാനമാക്കിയാണ് ആദ്യം കണക്ഷൻ നൽകിയിരുന്നത്. നിലവിൽ മഞ്ഞ അല്ലെങ്കിൽ പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുള്ളവർ സൗജന്യ കണക്ഷനു അർഹരാണ്. ഇവർക്ക് കണക്ഷൻ ലഭിക്കുന്നതിനായി കെ-ഫോൺ ലിമിറ്റഡിന് അപേക്ഷ നൽകിയാൽ മതി. ഇതുവരെ ആകെ 14,194 കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ നാളിതുവരെ എത്ര പേർക്കാണ് സൗജന്യമായി കെ-ഫോൺ കണക്ഷൻ ലഭ്യമായിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കാമോ? | (ബി) | നിലവിൽ മഞ്ഞ അല്ലെങ്കിൽ പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുള്ള അപേക്ഷകർക്കാണ് സൗജന്യ കണക്ഷൻ നൽകുന്നത്. പ്രാദേശിക നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖാന്തിരമാണ് ഈ കണക്ഷനുകൾ നൽകുന്നത്. കോഴിക്കോട് ജില്ലയിൽ ആകെ 964 സൗജന്യ ഇന്റർനെറ്റ് കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. സൗജന്യ കണക്ഷൻ ആവശ്യാനുസരണം നൽകിവരുന്നതിനാൽ നിയമസഭാ മണ്ഡലം, പഞ്ചായത്ത് എന്നിവ തിരിച്ചുള്ള കൃത്യമായ കണക്ക് നിലവിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ